യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം 2000 ത്തിലാണ് തുടങ്ങിയത്. ബി.ടെക്. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, ബി.ടെക് കമ്പ്യൂട്ടർ സയൻസ്, ബി.ടെക് ഇൻഫർമേഷൻ ടെക്നോളജി എന്നീ കോഴ്സുകളാണ് ഈ സ്ഥാപനത്തിൽ നടത്തിവരുന്നത്.

അദ്ധ്യാപകർ(കരാറടിസ്ഥാനത്തിൽ)	-	51
അനദ്ധ്യാപകർ(കരാറടിസ്ഥാനത്തിൽ)	-	17
സ്ഥിരം ജീവനക്കാർ	-	4
ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നവർ	-	16

(ജി) യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

യൂണിവേഴ്സിറ്റി കോളേജ് ഓഫ്. എഞ്ചിനീയറിംഗിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

2010	-	5,81,58,900 രൂപ
2011	-	3,39,53,750 "
2012	-	3,64,10,100 "
2013	-	3,38,97,950 "

അദ്ധ്യാപകരുടെ കരാറടിസ്ഥാനത്തിൽ ശമ്പള പരിഷ്കരണം 1-4-2014-ൽ ആണ് നടപ്പിലാക്കിയത്.

എൽ.എൽ.ബി. ഈവനിംഗ് ക്ലാസ്സുകൾ

121(3039) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ലോ കോളേജുകളിലാണ് എൽ.എൽ.ബി. ഈവനിംഗ് ക്ലാസ്സുകൾ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൽ.എൽ.ബി. ഈവനിംഗ് ക്ലാസ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) മലബാർ ഭാഗത്ത് എൽ.എൽ.ബി. ഈവനിംഗ് കോഴ്സ് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിൽ.

(ബി) ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ.

(സി) ഇല്ല. നിലവിൽ ബന്ധപ്പെട്ട സർവ്വകലാശാലയിൽനിന്നും ശിപാർശ ലഭിച്ചിട്ടില്ല.

വിദൂര വിദ്യാഭ്യാസ സമ്പ്രദായംമുഖേന നേടുന്ന ബിരുദാനന്തര ബിരുദങ്ങൾക്ക് അംഗീകാരം

122(3040) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സർവ്വകലാശാലകളിൽ നിന്നും വിദൂര വിദ്യാഭ്യാസ സമ്പ്രദായം മുഖേന നേടുന്ന ആർട്സ്, കോമേഴ്സ് ബിരുദാനന്തര ബിരുദങ്ങൾ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളിലെ അദ്ധ്യാപക തസ്തികകളിലേക്കുള്ള P.S.C. മുഖേനയുള്ള നിയമനങ്ങൾക്കുള്ള യോഗ്യതയായി ഇവ പരിഗണിക്കുന്നുണ്ടോ ; മേൽപ്പറഞ്ഞ യോഗ്യത വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിൽമാത്രം പരിഗണിക്കുന്നില്ലായെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിലെ സ്പെഷ്യൽ റൂൾസ് കാലോചിതമായി ഭേദഗതി ചെയ്യാത്തതുമൂലം വിദൂര വിദ്യാഭ്യാസ സമ്പ്രദായംമുഖേന ആർട്സ്, കോമേഴ്സ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ഉദ്യോഗാർത്ഥികൾക്ക് വൊക്കേഷണൽ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലേക്ക് നടത്തുന്ന പി.എസ്.സി.യുടെ നിയമനങ്ങളിൽനിന്നും അവസരം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly